INDIAN SCHOOL SOHAR
PERIODIC TEST II (2023 -24)
MALAYALAM (012)

No. of Printed Pages: 5

**CLASS: X** — **MAX.MARKS: 80**

**DATE: 26/09/2023** — **TIME: 3 hrs.**

**General Instructions**

- This question paper contains 5 printed pages
- Write the serial number of the question before attempting it
- Separate instructions are given for each section , wherever necessary
- The question paper is divided into two sections:-
  Section A: Reading comprehension,
  :Vocabulary building and MCQ : 40 Marks
  Section B: Grammar, Composition &
  :Literature (Prose, Poetry& Non-detailed) : 40 Marks

## എ വിഭാഗം / Section : A

1.തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക **(8 x1=8)**

ആധുനിക യുഗത്തിലെ ശക്തമായ കലാരൂപം സിനിമ തന്നെയാണ് . വിനോദരൂപമെന്ന നിലയിലും വിമർശന രൂപമെന്ന നിലയിലും സിനിമ സമൂഹത്തെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. 1896 – ലാണ് സിനിമ ഭാരതത്തിൽ ആദ്യമായി പ്രദർശിപ്പിച്ചത്. 1913-ൽ പ്രദർശിപ്പിച്ച രാജാ ഹരിശ്ചന്ദ്രയാണ് ആദ്യത്തെ കഥാചിത്രം. ദാദാ സാഹിബ് ഫാൽക്കെ ആയിരുന്നു അത് നിർമ്മിച്ചത്. ദേശീയതലത്തിൽ സിനിമയ്ക്കുള്ള ഏറ്റവും വലിയ അവാർഡ് അദ്ദേഹത്തിന്റെ പേരിലാണ്. 1955 – ൽ സത്യജിത്ത് റായ് 'പഥേർ പാഞ്ജലി' എന്ന ചിത്രവുമായി വന്നതോടെ ഇന്ത്യൻ സിനിമയ്ക്ക് മറ്റൊരു മുഖം കൂടി വന്നു ചേർന്നു . 1954 – ൽ ദേശീയതലത്തിൽ സിനിമയ്ക്ക് അവാർഡ് ഏർപ്പെടുത്തിയത് നല്ല സിനിമ ഉണ്ടാകാൻ കാരണമായി. സിനിമ വലിയ വിദ്യാഭ്യാസോപാധി കൂടിയാണ്. രക്തചംക്രമണവ്യവസ്ഥയെക്കുറിച്ച് വാൾട്ട് ഡിസ്നി നിർമ്മിച്ച ചിത്രം ആണ് ലോകത്തിലെ പ്രഥമ ബോധന ചിത്രം . സമൂഹത്തെ ബോധവൽക്കരിക്കുന്നതിൽ ഡോകുമെന്ററികൾക്ക് ഉള്ള സ്ഥാനം വളരെ വലുതാണ്. പാരിസ്ഥിതിക ചൂഷണത്തിനെതിരെ ആനന്ദ് പട്വർധൻ നിർമ്മിച്ചിട്ടുള്ള ഡോക്യുമെന്ററി കണ്ടാൽ സമൂഹവും സിനിമയും തമ്മിലുള്ള ബന്ധം മനസ്സിലാക്കുവാൻ കഴിയും.

**ചോദ്യങ്ങൾ**

(a). ലോകത്തിലെ പ്രഥമ ബോധനചിത്രം ഏത് ?

(b). 'പഥേർ പാഞ്ജലി' നിർമ്മിച്ചത് ആര് ?

(c). ഏതൊക്കെ നിലയിലാണ് സിനിമ സമൂഹത്തെ സ്വാധീനിക്കുന്നത് ?

(d). ദേശീയതലത്തിൽ സിനിമയ്ക്കുള്ള ഏറ്റവും വലിയ അവാർഡ് ആരുടെ പേരിലാണ് ?

(e). പാരിസ്ഥിതിക ചൂഷണത്തിനെതിരെ ഡോക്യുമെന്ററി നിർമ്മിച്ചതാര് ?

(f ). ദേശീയതൽത്തിൽ സിനിമയ്ക്ക് അവാർഡ് ഏർപ്പെടുത്തിയത് ഏത് വർഷം ?

(g). ആദ്യത്തെ കഥാചിത്രം നിർമ്മിച്ചത് ആര് ?

(h). ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നല്കുക

2. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക **(7x1=7)**

പദ്യസാഹിത്യത്തിലെ ഒരു വിഭാഗമാണ് സന്ദേശകാവ്യങ്ങൾ. പരസ്പരം വേർപിരിഞ്ഞിരിക്കുന്ന നായികാനായകന്മാരിൽ ഒരാൾ ദൂതൻ വഴി തന്റെ സന്ദേശം മറ്റൊരാൾക്ക് എത്തിക്കുകയാണ് സന്ദേശകാവ്യങ്ങളുടെ രീതി. വാല്മീകി രാമായണത്തിലെ കിഷ്കിന്ധാകാണ്ഡത്തിൽ ശ്രീരാമൻ ഹനുമാന്റെ പക്കൽ സീതയ്ക്ക് ദൂത് നൽകുന്നതും നളദമയന്തി കഥയിൽ ദൂത് പോകുന്ന ഹംസവുമെല്ലാം സന്ദേശകാവ്യത്തിന്റെ ആദ്യകാല മാതൃകകളാണ്. സംസ്കൃതത്തിൽ നിന്നു മലയാളത്തിലേക്കു കടന്നുവന്ന ഒരു സാഹിത്യപ്രസ്ഥാനമാണ് ഇത്. കാളിദാസന്റെ മേഘദൂതിന്റെ അനുകരണങ്ങളായിത്തന്നെയാണ് ഇവ ഭാഷയിൽ പ്രത്യക്ഷപ്പെട്ടത്.

കഥാഘടനയിൽ വ്യത്യാസങ്ങളില്ല. നായികാനായകന്മാരും സന്ദേശവാഹകരും വ്യത്യാസപ്പെടുന്നു എന്നു മാത്രം . വിധിവശാൽ നായികയെ പിരിഞ്ഞിരിക്കേണ്ടിവരുന്ന നായകൻ നായികയ്ക്ക് ഒരു സന്ദേശം എത്തിക്കുവാൻ അടുത്തുകണ്ട ഒരു ആളിനെയോ വസ്തുവിനെയോ ആശ്രയിക്കുന്നതാണ് സന്ദേശകാവ്യങ്ങളുടെ മൌലിക ഘടന . നായിക, നായകൻ, സന്ദേശവാഹകൻ എന്നിവരാണ് മുഖ്യ കഥാപാത്രങ്ങൾ. സന്ദേശകാവ്യത്തിന് രണ്ടു ഭാഗങ്ങൾ ഉണ്ട്. പൂർവഭാഗവും ഉത്തരഭാഗവും. പൂർവഭാഗത്ത് സന്ദേശം അയക്കാനുള്ള കാരണം , മാർഗവിവരണം എന്നിവയും ഉത്തരഭാഗത്ത് നായികയുടെ വാസസ്ഥല വർണ്ണന , സൌന്ദര്യ വർണ്ണന , സന്ദേശം എന്നിവയും ഉൾപ്പെടുന്നു. മന്ദാക്രാന്താ വൃത്തമാണ് സന്ദേശകാവ്യങ്ങളിൽ സ്വീകരിക്കാറുള്ളത്.

**ചോദ്യങ്ങൾ**

(a). നായകനെ കൂടാതെ സന്ദേശകാവ്യങ്ങളിലെ മറ്റ് കഥാപാത്രങ്ങൾ ആരൊക്കെ ?

(b). കാളിദാസൻ രചിച്ച സന്ദേശകാവ്യം ഏത് ?

(c). സന്ദേശകാവ്യങ്ങളിലെ വൃത്തം ഏത് ?

(d). സന്ദേശകാവ്യങ്ങളുടെ പൂർവഭാഗത്ത് വിവരിക്കുന്നതെന്ത് ?

(e). സന്ദേശകാവ്യങ്ങളുടെ മൌലികഘടന എന്ത് ?

(f ). ഹനുമാൻ ദൂത് പോകുന്നത് വിവരിച്ചിരിക്കുന്നത് ഏത് കൃതിയിലാണ് ?

(g). ഏത് ഭാഷയിൽ നിന്നാണ് സന്ദേശകാവ്യപ്രസ്ഥാനം മലയാളത്തിലേക്കു വന്നത് ?

3. തന്നിരിക്കുന്ന പത്തു ചോദ്യങ്ങളിൽ ഏതെങ്കിലും **ഏഴെണ്ണത്തിന്** ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക. **(7x1=7)**

(a). 'ആന' എന്നതിന്റെ പര്യായപദം എന്ത് ?
a. ദന്തം    b. അശ്വം
c. ദന്തി    d. ഹസ്തം

(b). അർത്ഥി – എതിർലിംഗം എഴുതുക
a. അർത്ഥ    b. അർത്ഥിനി
c. അർത്ഥനി    d. നിരർത്ഥി

(c). മൂലോച്ഛേദം  എന്ന പദത്തിന്റെ ശരിയായ അർത്ഥം എന്ത് ?
a. കാരണം കൂടാതെ നശിപ്പിക്കൽ    b. വേരോടെ നശിപ്പിക്കൽ
c. സമാധാനിപ്പിക്കൽ    d. യുദ്ധം ചെയ്യൽ

(d). പ്രമാദം – പ്രമോദം  എന്നീ വാക്കുകളുടെ ശരിയായ അർത്ഥവ്യത്യാസം ഏതാണ് ?
a. തെറ്റ് – ബോധക്കേട്    b. വ്യത്യാസം –സന്തോഷം
c. പ്രശ്നം – ക്ഷണികം    d. തെറ്റ് – സന്തോഷം

(e). കർമ്മനീതർ – വിഗ്രഹിക്കുക
a. കർമ്മത്താൽ നീതരായവർ    b. കർമ്മത്തിന്റെ നീതർ
c. കർമ്മവും നീതരും    d. കർമ്മത്തിൽ നീതർ

(f ). ശീലം എന്ന പദത്തിന്റെ നാനാർഥം അല്ലാത്തത് ഏത് ?
a. സ്വഭാവം    b. പതിവ്
c. ഗുണം    d. തുണി

(g). ഹനിക്കുന്നവൾ - എന്നതിന്റെ ഒറ്റപ്പദം ഇവയിൽ ഏതാണ് ?
a. ഹന്ത്രിണി    b. ഹന്താവി
c. ഹാനി    d. ഹന്ത്രി

(h). ചിരമഹോ പിരിച്ചെഴുതുന്നത് എങ്ങനെ ?
a. ചിര + അഹോ    b. ചിരം + അഹോ
c. ചിരമ + ഹോ    d. ചിര + മഹോ

(i ). സുകൃതം - വിപരീതപദം ഏത് ?

a . ദുഷ്കൃതം　　b. അസുകൃതം

c . ദുകൃതം　　d. അനകൃതം

(j ). ശരിയായ പദം എടുത്തെഴുതുക

a . ആഭിജാതം　　b. ആബിജാത്യം

c . ആഭിചാത്യം　　d. ആഭിജാത്യം

4. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ **ഒമ്പതെണ്ണത്തിന്** ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.
(ഓരോന്നിനും 2 മാർക്ക് വീതം )　　**(9x2=18)**

(a). "മാനസതാരിൽ നിരൂപിച്ചതും തവ
ജ്ഞാനമില്ലായ്കയെന്നറിക നീ ലക്ഷ്മണാ "

(i). ലക്ഷ്മണൻ നിരൂപിച്ചതെന്ത് ?

a . ശ്രീരാമ പട്ടാഭിഷേകം നടത്താൻ　　b. വനത്തിൽ പോകാൻ

c . ലോകം ദഹിപ്പിക്കാൻ　　d. കോപം അടക്കാൻ

(ii). എന്തുകൊണ്ടാണ് ലക്ഷ്മണൻ ഇങ്ങനെ നിരൂപിച്ചത് ?

a .മോഹം നിമിത്തം　　b. ദേഹാഭിമാനം നിമിത്തം

c . സ്നേഹം നിമിത്തം　　d. അഹങ്കാരം നിമിത്തം

(b). "ചാരുശൈശവ കഥയ്ക്കു ചേർന്നൊരു
വാക്കരുളിനാൻ കനിഞ്ഞവൻ '

(i). വാക്കരുളിയത് ആര് ?

a . കവി　　b. സന്യാസി

c . ദിവാകരൻ　　d. നളിനി

(ii) . ചാരു എന്ന വാക്കിന്റെ അർത്ഥമായി വരുന്ന പദം ?

a .മനോഹരം　　b. വളരെ

c . ദു:ഖം　　d. പെട്ടെന്ന്

(c ). "മായാമയമായ് പരിണാമിയായോരു കായം
വികാരിയായുള്ളോരിതിന്നതധ്രുവം '

(i) പഞ്ചഭൂതങ്ങളിൽപ്പെടാത്തത് ഏത് ?

a . ആകാശം　　b. വായു

c . ജലം　　d. ആഹാരം

(ii) മോഹമാതാവ് ആര് ?

a .അവിദ്യ　　b. വിദ്യ

c . ദേഹം　　d. കോപം

(d). "വേഗേന നഷ്ടമാമായുസ്സുമോർക്ക നീ "

(i) ഭോഗങ്ങൾ ഏതുപോലെയാണ് ?

a . പാമ്പിനെപ്പോലെ　　b. കാലത്തെപ്പോലെ

c . കാഷ്ഠങ്ങൾ പോലെ　　d. മിന്നൽ പോലെ

(ii) എഴുത്തച്ഛന്റെ കൃതികളിലെ പ്രധാന ഭാവം എന്ത് ?

a .ക്രോധം　　b. ഭക്തി

c . ഫലിതം　　d. സ്നേഹം

(e) "പണ്ടുനിന്നെയോരിളം കുരുന്നതായ്
കണ്ടു ഞാൻ സപദി വല്ലിയായി നീ "

(i) ഇവിടെ വള്ളി എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ് ?

a . സന്യാസിനി　　b. യുവതി

c . കൂട്ടുകാരി　　d. ദു:ഖിത

(ii) നളിനിയുടെ പ്രണയത്തെ ദിവാകരൻ നോക്കിക്കാണുന്നത് ഏത് വിധത്തിലാണ് ?

a .ശല്യമായി　　b. സംശയത്തോടെ

c . വിനോദമായി　　d. ചാപല്യമായി

(f ) “അത് വധശിക്ഷയുടെ ചടങ്ങ് ആണെന്ന് വെള്ളായിയപ്പൻ അറിഞ്ഞില്ല “

(i) വധശിക്ഷയുടെ ചടങ്ങ് എന്തായിരുന്നു ?

a. മണി മുഴക്കം  b. അലാറം അടിച്ചത്

c. കൊമ്പുവിളികൾ  d. പാറാവുകാരുടെ ഓർമ്മപ്പെടുത്തൽ

(ii) ഈ കഥയിൽ ‘നിസ്സഹായന്റെ നിലവിളി’ യായി മാറുന്നത് എന്ത് ?

a.കാറ്റ്  b. കരിമ്പനകൾ

c. കൊലക്കയർ  d. പൊതിച്ചോർ

(g) “ഞാനിന്ന് ഇന്ദ്രനെപ്പോലെയായി “

(i) ഇങ്ങനെ പറഞ്ഞതാര് ?

a.ദ്രൌണി  b. ദുര്യോധനൻ

c. അർജുനൻ  d. യുധിഷ്ഠിരൻ

(ii) ഇങ്ങനെ പറയാൻ കാരണം എന്ത് ?

a.ചൂഡാമണി കിട്ടിയതു കൊണ്ട്  b. യുദ്ധം ജയിച്ചത് കൊണ്ട്

c. സ്വർഗം കിട്ടിയതുകൊണ്ട്  d. ശിഖണ്ഡിയെ വധിച്ചതുകൊണ്ട്

(h) “ഗുരുഘാതികൾക്ക് കുലപാംസനാ ലോകങ്ങളില്ല “

(i) ഇത് ആരുടെ വാക്കുകൾ ആണ് ?

a. അശ്വത്ഥാമാവ്  b. ദുര്യോധനൻ

c. ധൃഷ്ടദ്യുമ്നൻ  d. ദ്രോണർ

(ii) കുലപാംസനൻ എന്നു വിളിച്ചത് ആരെ ?

a.കർണനെ  b. ദുരോധനനെ

c. ധൃഷ്ടദ്യുമ്നനെ  d.ദ്രൌണിയെ

(i) ”കാരണവരെ കട്ടാൽ മതി , ജയിലിൽ എത്തിച്ചേരാം “

(i) ഇങ്ങനെ പറഞ്ഞതാര് ?

a. പാറാവുകാരൻ  b. മേധാവികൾ

c. കാരണവർ  d. അപരിചിതർ

(ii) ഈ വാക്കുകളിൽ തെളിയുന്ന ഭാവം എന്ത് ?

a.നീരസം  b. ആദരവ്

c. കോപം  d. പരിഹാസം

(j ) “സർവഭൂതങ്ങളും പേടിച്ചരണ്ടു “

(i) ഇങ്ങനെ സംഭവിച്ചത് എപ്പോൾ ?

a. ദുര്യോധനൻ പടക്കളത്തിൽ വീണപ്പോൾ

b. ബ്രഹ്മശിരസ്സ് പ്രയോഗിച്ചപ്പോൾ

c. പാണ്ഡവശിബിരത്തിന് തീയിട്ടപ്പോൾ

d. കൃഷ്ണൻ ദ്രൌണിയെ ശപിച്ചപ്പോൾ

(ii) സർവഭൂതാത്മാവ് എന്നു വിശേഷിപ്പിക്കുന്നത് ആരെയാണ് ?

a. കൃഷ്ണദ്വൈപായനൻ  b. ശ്രീകൃഷ്ണൻ

c. നാരദമഹർഷി  d. അശ്വത്ഥാമാവ്

## ബി വിഭാഗം / Section : B

5.(a) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക (2x1=2)

(i) കാടുകേറി ദൂരെയെങ്ങോ പോയ ദ്രൌണിയെ കണ്ടെത്തുക എളുപ്പമല്ലെന്നും മറ്റും പറഞ്ഞ് യുധിഷ്ഠിരൻ അവളെ ആശ്വസിപ്പിക്കാൻ നോക്കി

(ii) അമ്പലത്തിലെ നട തുറക്കാൻ കാത്തിരിക്കുന്നതുപോലെ ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ വെള്ളായിയപ്പൻ ഇരുന്നു

5.(b) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക (2x1=2)

(i) ഭീമൻ വില്ലും അമ്പുമെടുത്ത് തേരിലേറുകയും നകുലനെ സാരഥിയാക്കിയാക്കി പുറപ്പെട്ടു.

(ii) രാജാവിന്റെ രോദനവിലാപം കേട്ട ജനസഹസ്രങ്ങൾ കണ്ണും നിറച്ച് അങ്ങുമിങ്ങും പാഞ്ഞുപോയി

5.(c) പ്രയോഗം മാറ്റുക (2x1=2)

(i) അപരിചിതനെപ്പോലെ കണ്ടുണ്ണിയാൽ വെള്ളായിയപ്പൻ നോക്കപ്പെട്ടു .

(ii) പകച്ചു പായുന്ന ആനകൾ അവരെ ചവിട്ടിയരച്ചു

5.(d) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം വാക്യത്തിൽ പ്രയോഗിക്കുക (2x1=2)

(a) വേരുറയ്ക്കുക (b) പൈശാചികം (c) ലംഘിക്കുക

6.(a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപുരത്തിൽ കവിയാതെ ഉപന്യസിക്കുക (5)

സാമൂഹ്യമാധ്യമങ്ങളും വിദ്യാർത്ഥികളും

**അല്ലെങ്കിൽ**

കൊറോണ എന്ന മഹാമാരി ലോകത്തിന് നല്കിയ പാഠം

6.(b) നാട്ടിൽ ഡെങ്കിപ്പനി പടർന്ന് പിടിക്കുന്ന സാഹചര്യത്തിൽ പ്രതിരോധമാർഗങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ആരോഗ്യവകുപ്പ് മന്ത്രിക്ക് കത്ത് തയ്യാറാക്കുക (5)

6.(c) ഹോട്ടൽ ജീവനക്കാരുടെ അശ്രദ്ധ മൂലം നഗരത്തിൽ ഉണ്ടായ അഗ്നിബാധയെക്കുറിച്ച് ഒരു പത്രവാർത്ത തയ്യാറാക്കുക (4)

7. ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക ( ഓരോന്നിനും 3 മാർക്ക് വീതം) (2x3=6)

(a) "വേദങ്ങൾ പ്രമാണമാണെങ്കിൽ ഞാൻ അക്ഷയലോകങ്ങൾ നേടിയിരിക്കുന്നു .

"-ഇങ്ങനെ പറഞ്ഞതാര് ? പറയുന്നതിന്റെ അടിസ്ഥാനം എന്ത് ?

(b) 'കടൽത്തീരത്ത് ' എന്ന കഥയിൽ പൊതിച്ചോറിനുള്ള സ്ഥാനം വ്യക്തമാക്കുക.

(c) " സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ട് വന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ വച്ച് മുങ്ങിപ്പോയി "- ഇങ്ങനെ പരാമർശിച്ചിരിക്കുന്നത് ആരെപ്പറ്റിയാണ് ? വിശദീകരിക്കുക

8. ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക ( ഓരോന്നിനും 3 മാർക്ക് വീതം ) (2x3=6)

(a) ജീവിതത്തിന്റെ നശ്വരത ബോധ്യപ്പെടുത്താൻ എന്തെല്ലാം കാര്യങ്ങളാണ് ശ്രീരാമൻ ലക്ഷ്മണനോട് പറയുന്നത് ?

(b) "പൂരിതാഭയോടുഷസ്സിൽ മഞ്ഞുതൻ -
ധാരയാർന്ന പനിനീർസുമോപമം "- ദിവാകരനെയും നളിനിയെയും വിശേഷിപ്പിക്കാൻ കാവ്യഭാഗത്ത് ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ എന്തെല്ലാം ? വരികളിലെ ചമൽക്കാരഭംഗി വിവരിക്കുക

(c) "ക്രോധം പരിത്യജിക്കേണം ബുധജനം "- ഇങ്ങനെ പറയുന്നതിന്റെ പൊരുൾ എന്ത് ? വിവരിക്കുക

9. ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക ( ഓരോന്നിനും 3 മാർക്ക് വീതം ) (2x3=6)

(a) ചട്ടമ്പിസ്വാമികൾ സുബ്രഹ്മണ്യോപാസകൻ ആയതും ഷൺമുഖദാസൻ എന്ന പേര് സ്വീകരിച്ചതെങ്ങനെയെന്നും വിശദീകരിക്കുക

(b) കുഞ്ഞൻ പിള്ള സർക്കാർ ജോലി ഉപേക്ഷിക്കാൻ ഇടയായ സാഹചര്യം വിവരിക്കുക

(c) കുഞ്ഞൻപിള്ള താൻ അന്വേഷിച്ചു നടന്ന ആത്മീയ ഗുരുവിനെ കണ്ടെത്തിയത് എവിടെവച്ച് ? തുടർന്നുണ്ടായ സംഭവം വിവരിക്കുക

**********